# ഐസിഎആർ പുനഃപരീക്ഷ: അപേക്ഷ പുതുക്കണം

## ഒഎംആർ പരീക്ഷ 18നും 19നും; മുൻ പരീക്ഷ എഴുതാത്തവർക്കും അവസരം

**മനോരമ ലേഖകൻ**



കണ്ണൂർ ● ഇന്ത്യൻകൗൺസിൽ ഓഫ് അഗ്രിക്കൾച്ചറൽ റിസർച്ചിന്റെ (ഐസിഎആർ) അഖിലേന്ത്യാ ബിരുദ, ബിരുദാനന്തര, പിഎച്ച്ഡി പുനഃപരീക്ഷ സമഗ്ര മാറ്റങ്ങളോടെ. ഓൺലൈൻ പരീക്ഷയ്ക്കു പകരം ഒഎംആർ പരീക്ഷയാകും നടത്തുക. നേരത്തെയുള്ള വെബ്സൈറ്റ് റദ്ദാക്കി. ഞായറാഴ്ചയ്ക്കകം www.icarexam.net എന്ന പുതിയ വെബ്സൈറ്റിൽ അപേക്ഷ പുതുക്കണം. അപേക്ഷാ നമ്പരും പാസ്‌വേഡും മുൻ അപേക്ഷയോടൊപ്പം നൽകിയ മൊബൈൽ നമ്പരിലേക്കും ഇ-മെയിലിലേക്കും അയച്ചിട്ടുണ്ട്. ഇതുപയോഗിച്ച് ലോഗിൻ ചെയ്യണം.

പിജി, പിഎച്ച്ഡി പ്രോഗ്രാമുക ളിലേക്ക് 18നും ബിരുദ പ്രോഗ്രാമ കളിലേക്ക് 19നുമാണു പുനഃപര ക്ഷ. ജൂൺ 22, 23 തീയതികളിലെ റദ്ദായ പ്രവേശനപ്പരീക്ഷ എഴുതാ ത്തവർക്കും അപേക്ഷ നൽകിയി രുന്നുവെങ്കിൽ ഇക്കുറി എഴുതാം.

### അപേക്ഷ പുതുക്കുമ്പോൾ വരുത്തേണ്ട മാറ്റങ്ങൾ

- മൂന്നു പരീക്ഷാ കേന്ദ്രങ്ങൾ തിരഞ്ഞെടുക്കണം. കേരളത്തിൽ തിരുവനന്തപുരം, കൊച്ചി, മണ്ണുത്തി (തൃശൂർ), കോഴിക്കോട് എന്നിവിടങ്ങളിലാണു പരീക്ഷയുള്ളത്.
- യോഗ്യതാപരീക്ഷയിലെ മാർക്ക് നേരത്തേ നൽകിയിട്ടില്ലെങ്കിൽ ചേർക്കണം.
- ഹയർസെക്കൻഡറി തലത്തിൽ ഏതൊക്കെ വിഷയങ്ങളാണു പഠിച്ചതെന്നു വീണ്ടും ചേർക്കണം.
- ഏതെങ്കിലും തിരിച്ചറിയൽ അടയാളം രേഖപ്പെടുത്തണം.
- പുതുക്കിയ അപേക്ഷയുടെ പ്രിന്റ് ഔട്ട് എടുത്തു താഴെപ്പറയുന്ന കാര്യങ്ങൾ കൂടി ചെയ്ത ശേഷം ഡൽഹിയിലെ ഐസിഎആർ ആസ്ഥാനത്തേക്ക് സ്പീഡ് പോസ്റ്റ്/റജിസ്റ്റേഡ് പോസ്റ്റ് ആയി അയയ്ക്കണം. വിലാസം വെബ്സൈറ്റിലുണ്ട്.
- എല്ലാ പേജിലും ഒപ്പിടണം; വിരലടയാളം പതിക്കണം; സത്യപ്രസ്താവന എഴുതണം.